പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5393** 01-07-2019 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവർക്ക് പുനർനിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| എ) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് തസ്തികയിൽ നിന്നും വിരമിച്ചവർക്ക് ഈ സർക്കാർ നിലവിൽ വന്നശേഷം അതേ തസ്തികയിലോ മറ്റേതെങ്കിലും തസ്തികയിലോ കരാർ നിയമനമോ മറ്റേതെങ്കിലും തരത്തിലുള്ള നിയമനമോ നൽകിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ആർക്കെല്ലാമാണ് നിയമനം നൽകിയതെന്ന് തസ്തികസഹിതം വ്യക്തമാക്കുമോ? | ബി) | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ടെക്സ്ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കാണ് നിയമനം നൽകിയിട്ടുള്ളത്.<br><br>കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്നും 31/05/2018 ൽ അസിസ്റ്റൻറ് മാനേജർ (പ്രോജക്ട്) ആയി വിരമിച്ച ശ്രീ.എം. സി.ഗോപിനാഥിനെ കമ്പനിയിൽ കരാർ അടിസ്ഥാനത്തിൽ അതേ തസ്തികയിൽ നിയമിക്കുകയും, 10/2/2019 ൽ ടിയാനെ പിരിച്ച് വിടാൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. |

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ ഡി ജി എം ഫിനാൻസ് തസ്തികയിലേയ്ക്ക്, ഡി.രാമസ്വാമിക്കും എച്ച്.ആർ മാനേജർ തസ്തികയിലേയ്ക്ക് ശ്രീ.എം.എം. ഗോപിനാഥനും വിരമിക്കൽ തീയതിയ്ക്ക് ശേഷം 6 മാസത്തേയ്ക്ക് പുനർനിയമനം നൽകിയിട്ടുണ്ട്.

ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ Purchase & store വിഭാഗത്തിലെ അസിസ്റ്റൻറ് അക്കൗണ്ട്സ് ഓഫീസർ എന്ന തസ്തികയിൽ നിന്ന് വിരമിച്ച ശ്രീ.ബാലഗോപാലിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട് ടിയാൻ ഇപ്പോഴും തുടരുന്നു.

ടെക്സ്ഫെഡിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ശ്രീ.വി.ധർമരാജ്, ജി എം 20.4.2014 ൽ 58 വയസ്സ് പൂർത്തിയായതിനുശേഷവും ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ